# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി15/1418/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി15/1418/23 തീയ്യതി: 18/10/2023

## പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-08-2022 മുതൽ 16-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാം മനോഹർ. വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പ്രീത.യു, ഓഡിറ്റ് ഓഫീസർ
ശ്രീ.രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.കാർത്തിക.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലിക്സി അലക്സ്, ഓഡിറ്റർ
ശ്രീ.മോഹനൻ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ. സതീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഗിരീഷ് .ഇ.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശികുമാർ.എം.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീ.കെ.എൻ.ദിനേഷ് | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ശ്രീമതി.സുമ എ കുര്യാക്കോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 16-10-2022 |
| ശ്രീമതി.ചിത്ര.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-10-2022 | 31-03-2023 |
| ഡോ.ജൂമിത വി.ജി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 06-05-2022 |
| ഡോ.അദിതി. ആർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 07-05-2022 | 31-03-2023 |
| ശ്രീമതി.സത്യഭാമ.കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ശ്രീമതി.നിഷ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2022 | 31-12-2022 |
| ശ്രീമതി.പ്രമീള.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-01-2023 | 09-02-2023 |
| ശ്രീമതി.ജയലക്ഷമി. ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-02-2023 | 31-03-2023 |
| ശ്രീമതി.ശരണ്യ.പി | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീമതി.രാഖി.സി.ആർ | കൃഷി ഓഫീസർ | 29-07-2022 | 14-01-2023 |
| ശ്രീ.ഉണ്ണി റാം | കൃഷി ഓഫീസർ | 15-01-2023 | 31-03-2023 |
| ശ്രീ.പ്രസാദ്.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 11-08-2022 |
| ശ്രീ.ജിമ്മി ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12-08-2022 | 31-03-2023 |
| ഡോ.ഷിജിൻ | മെഡിക്കൽ ഓഫീസർ, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ആയുർവേദം | | |
| ഡോ.റെഷിൻ.പി.എം | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-09-2022 |
| ശ്രീമതി.പ്രിൻസി എസ് ജോൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-10-2022 | 31-03-2023 |
| ശ്രീമതി.സൈറാബാനു | ഹെഡ് മിസ്ട്രസ്,ജി.എൽ.പി.സ്കൂൾ | 01-04-2022 | 30-06-2022 |
| ശ്രീ.സതീഷ് കുമാർ.കെ | ഹെഡ് മാസ്റ്റർ ജി.എൽ.പി.സ്കൂൾ | 01-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേഷൻ | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ | 1-1-2 |
| 4 | പണമാക്കാത്ത ചെക്കുകൾ മൂന്നു മാസക്കാലാവധിക്കു ശേഷവും Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് കൈമാറിയ തുക - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | തൻവർഷം പൂർത്തീകരിച്ച ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല | 1-1-6 |
| 8 | ആസ്തി മൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിൽ നിന്ന് വ്യത്യസ്തമല്ല | 1-1-7 |
| 9 | Accumulated Depreciation - നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-8 |
| 10 | ഇ ടെണ്ടർ ഫീ - വരവ് തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല | 1-1-9 |
| 11 | അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല | 1-1-10 |
| 12 | ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | വസ്തു നികുതി -വാർഷിക കണക്ക്,സഞ്ചയ സ്റ്റേറ്റ്മെന്റ് സംക്ഷിപ്തം എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | Prior Period Income- RP-11, I-19 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | Prior Period Item –RP-25, I-18 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ഭരണപരമായ ചെലവുകൾ - RP-13, I-11 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 21 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് ബാലൻസ് | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഈടാക്കേണ്ടതാണ് | 1-11 |
| 27 | വസ്തുനികുതി - അവലോകനം | 1-12 |
| 28 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പ്രൊജക്ട്-ഭാഗികമായ കാലയളവിൽ മാത്രം തുക നല്കി | 1-13 |
| 29 | വെള്ളക്കരം കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 30 | ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ | 1-15 |
| 31 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-16 |
| 32 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പ്രൊജക്ടുകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച്. | 1-17 |
| 33 | ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ് | 1-18 |
| 34 | വൃദ്ധർക്ക് കട്ടിൽ വിതരണം - എസ്.സി.പി - പ്രൊക്യൂർമെന്റ് മാർഗ്ഗരേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-19 |
| 35 | വൃദ്ധർക്ക് കട്ടിൽ വിതരണം - ജനറൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-20 |
| 36 | വിദ്യാഭ്യാസ മേഖലയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല | 1-21 |
| 37 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 38 | ഭവന പുനരുദ്ധാരണം - അർഹമായ ആനുകൂല്യം അനുവദിച്ചിട്ടില്ല | 1-23 |
| 39 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -സപ്ലെയറിൽ നിന്ന് GST ഈടാക്കിയിട്ടില്ല. | 1-24 |
| 40 | ആശ്രയ പദ്ധതി - ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 41 | വാഹനം വാങ്ങൽ- സപ്ലെയറിൽ നിന്ന് GST ഈടാക്കിയിട്ടില്ല. | 1-26 |
| 42 | പ്രൊജക്ടിന് തനതു ഫണ്ട് വിഹിതം ചെലവഴിച്ചത്- നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-27 |
| 43 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല | 1-28 |
| 44 | തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും- അപാകതകൾ | 1-29 |
| 45 | കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി | 1-29-1 |
| 46 | ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-29-2 |

| | | |
|---|---|---|
| 47 | തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ - അംഗീകരിച്ച നിരക്കിൽ അധികം തുക നൽകി | 1-30 |
| 48 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 49 | എ.ബി.സി പദ്ധതി വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-32 |
| 50 | MG NREGS മേറ്റുകൾക്ക് പരിശീലനം - ഹാൾ വാടക നൽകിയതിൽ ഇരട്ടിപ്പ് | 1-33 |
| 51 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-34 |
| 52 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-35 |
| 53 | ഇ-ടെണ്ടർ ഫീ - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 41280/- രൂപ തനത് ഫണ്ടിലേക്ക് അടവാക്കി | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | MG NREGS മേറ്റുകൾക്ക് പരിശീലനം - ഹാൾ വാടക നൽകിയതിൽ ഇരട്ടിപ്പ് | 3-1 |
| 2 | തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ - അംഗീകരിച്ച നിരക്കിൽ അധികം തുക നൽകി | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകൾ - സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കേഷൻ

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 7.07.2023 ലെ 2(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോട്ടായി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. 3. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

   വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

   അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 18/10/2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash

Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -932688.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1122147.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 പണമാക്കാത്ത ചെക്കുകൾ മൂന്നു മാസക്കാലാവധിക്കു ശേഷവും Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

31-3-2023ലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം കോട്ടായി സർവ്വീസ് സഹകരണ ബാങ്കിന്റെ(921) താഴെപ്പറയുന്ന ചെക്കുകൾ മൂന്നു മാസക്കാലാവധിക്കു ശേഷവും Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വൗച്ചർ നം. | ഇൻസ്ട്രുമെന്റ് നം. | ഇൻസ്ട്രുമെന്റ് ഡേറ്റ് | തുക |
|---|---|---|---|
| 22100356 | 31816 | 30-7-21 | 595 |
| 22200194 | 34391 | 9-6-22 | 77054 |

### 1-1-4 നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് കൈമാറിയ തുക - ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിക്ക് തൻവർഷം കൈമാറിയ തുക- 793000/-രൂപയുടെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ലെന്നിരിക്കെ വാർഷിക കണക്ക് ബാലൻസ് ഷീറ്റിൽ ആയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം B-18 Advance To Implementing Agencies എന്ന ഹെഡ്ഡ് ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ ആസ്തി ശീർഷകത്തിൽ B-11(e)- Capital Expenses (Infrastructure Sector) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. നിക്ഷേപ പ്രവൃത്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11(e) യിൽ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന ഹെഡ്ഡുകളിൽ കാണിച്ചിട്ടുള്ള ചെലവുകളിൽ വിനിയോഗ വിവരം ലഭ്യമല്ലാത്ത തുകകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

കോഡ് - ഹെഡ് -ചെലവ്

415100001 - Line Extension For Existing Street Lights - 3792258

415100002 – New Line For Street Lights - 3514099

### 1-1-5 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-6 തൻവർഷം പൂർത്തീകരിച്ച ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല

തൻവർഷം പൂർത്തീകരിച്ച ആസ്തികളുടെ ചെലവ് വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(d) യിൽ (Head- 414103007- Infrastructure For Arts-Culture-Sports & Youth Welfare-301065/-) പ്രതിഫലിക്കുന്നില്ല. B-11(d) യിൽ 2021-22 ലെ ഷെഡ്യൂൾ പ്രകാരമുള്ള മൂല്യം തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഉദാ- അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതി-

പ്രൊജക്ട് നം - 127/23 – ചമ്പ്രകുളം കോളനി യുവജന ക്ലബ്ബ് നിർമ്മാണം ചെലവ് -1299656

പ്രൊജക്ട് നം - 128/23 – മേക്കോണം എസ്.സി കോളനി യുവജന ക്ലബ്ബ് നിർമ്മാണം ചെലവ് 1299882/

B-11(d) പ്രകാരം ആയത് 301065/- രൂപയാണ്(Head- 414103007) .

1-1-7 ആസ്തി മൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിൽ നിന്ന് വ്യത്യസ്തമല്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂളുകൾ B3 പ്രകാരം Capital Contribution-2019607, Capital Reserves- 53180911/-, B-11- Fixed Assets- 931565/-, എന്നീ മൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിൽ നിന്ന് വ്യത്യസ്തമല്ല. Ledger Report പരിശോധിച്ചതിൽ Fixed Assets(Head –450100101), Capital Contribution (Head –312109901) എന്നിവക്ക് 1.04.2022 മുതൽ 31.03.2023 വരെയുള്ള മൂല്യമാണ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. B-11(b)-Capital Work In Progress – മൂല്യം 0 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-8 Accumulated Depreciation - നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) – Accumulated Depreciation 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിലെ മൂല്യം തന്നെയാണ് 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിലെ താഴെ പറയുന്ന ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

Code -Head - Amount

416100104 – Accumulated Depriciation – Waterways- -2225684

416100106- Accumulated Depriciation – Plant & Machinery - -185664

1-1-9 ഇ ടെണ്ടർ ഫീ - വരവ് തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല

അസി. എൻജിനീയർ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ സാമ്പത്തിക വർഷത്തെ വരവ് 41280/-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല.

1-1-10 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമല്ല

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമാകേണ്ടതാണ് . എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-4 പ്രകാരം Fees & User Charges ആകെ 705087/-രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 1969877/-രൂപയുമാണ്.

1-1-11 ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം-വസ്തുനികുതി ലെഡ്ജറിൽ വർഷാവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

1-1-12 വസ്തു നികുതി -വാർഷിക കണക്ക്,സഞ്ചയ സ്റ്റേറ്റ്മെന്റ് സംക്ഷിപ്തം എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി - Non-residential – 2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കേണ്ട കുടിശ്ശിക 118479/- (17351 + 101128) രൂപയാണ്. എന്നാൽ 2022-23 വർഷത്തെ സഞ്ചയ

സ്റ്റേറ്റ്മെന്റ് സംക്ഷിപ്തം പ്രകാരം ആയത് 97533/- രൂപയാണ്. (വ്യത്യാസം 20946/-).സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ മുൻ വർഷങ്ങളിൽ അടവാക്കിയ Excess Collection തൻവർഷത്തെ ക്രമീകരണങ്ങൾക്ക് ശേഷം 2394184/- രൂപ ബാലൻസായി അവശേഷിക്കുന്നു. ആയത് 2022-23 വർഷത്തെ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി (Advance Collection Of Revenues) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-13 Prior Period Income- RP-11, I-19 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

Prior Period Income – Property Tax(code-190100101) RP-11, I-19 ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്.

### 1-1-14 Prior Period Item –RP-25, I-18 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

Prior Period Item – (Code- 290500102) RP-25, I-18 ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്.

### 1-1-15 ഭരണപരമായ ചെലവുകൾ - RP-13, I-11 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

Administrative Expenses – (Code-220800105-Ceremonies, Entertainments &Receptions) RP-13, I-11 ഷെഡ്യൂളുകളിൽ വ്യത്യസ്തമാണ്.

## 1-2 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 25 .03.2022 തീയതിയിലെ യോഗ തീരുമാനം നം. 1/1 പ്രകാരം 2022-23 സാമ്പത്തികവർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 5510994 |
| തൻവർഷം വരവ് | 223292750 |
| ആകെ | 228803744 |
| ചെലവ് | 222839084 |
| നീക്കിയിരിപ്പ് | 5964660 |

പഞ്ചായത്ത് ഭരണ സമിതിയുടെ 20- 02-23 തീയതിയിലെ യോഗ തീരുമാനം നം. 2 പ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 5510994 |
| തൻവർഷം വരവ് | 206097150 |
| ആകെ | 211608144 |
| ചെലവ് | 204800719 |
| നീക്കിയിരിപ്പ് | 6807425 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12111143 |
| വരവ് | 30410155 |
| ആകെ | 42521298 |
| ചെലവ് | 31342843 |
| നീക്കിയിരിപ്പ് | 11178455 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 12796851 | 12796851 | 11910117 | 886734 |
| *വികസനഫണ്ട് - എസ്.സി.പി | 0 | 15343458 | 15343458 | 14425791 | 917667 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 13549000 | 13549000 | 7589957 | 5959043 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4570000 | 4570000 | 3179748 | 1390252 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 2609941 | 3348000 | 5957941 | 3504912 | 2453029 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 15012 | 15012 | 15012 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് -ഗ്രാന്റ്- ബാങ്ക് | 1609286 | 2413827 | 4023113 | 2901562 | 1121551 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 898506 | 898506 | 40600 | 857906 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 259099 | 1054062 | 1313161 | 524872 | 788289 |
| സമ്പൂർണ്ണ ശുചിത്വം | 744000 | 0 | 744000 | 0 | 744000 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 254387 | 1367288 | 1621675 | 1605612 | 16063 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 28453318 | 28453318 | 28453318 | 0 |
| ആകെ | 254387 | 29820606 | 30074993 | 30058930 | 16063 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 30000 | 120000 | 150000 | 0 | 150000 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 726292 | 0 | 726292 | 82771 | 643521 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 15048 | 15048 | 0 | 15048 |
| Health Grant(Diagnostic Infrastructure To PHCs) | 0 | 289422 | 289422 | 0 | 289422 |
| Health Grant( Towards Conversion Of PHCs & Subcentres Into Health & Wellness Centres) | 0 | 145961 | 145961 | 0 | 145961 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 85647931 | 116 | 49733544 | - | 57 | 67 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 67% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 58% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും ചെലവിന്റെപദ്ധതി അവലോകനംയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 3 | 10252530 | 5480767 | 53 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2353000 | 999150 | 42 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 2 | 1489987 | 551884 | 37 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 700000 | 700000 | 100 |
| വി.ഇ.ഒ | 19 | 15 | 18245822 | 5931108 | 33 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 5404650 | 4039763 | 75 |
| സെക്രട്ടറി | 40 | 22 | 11847431 | 7190376 | 61 |
| അസി.സെക്രട്ടറി | 6 | 6 | 8359200 | 6451760 | 77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 51 | 24235192 | 16801736 | 69 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 715000 | 715000 | 100 |
| ഹെഡ്മാസ്റ്റർ,GLPS | 9 | 1 | 2045119 | 872000 | 43 |
| ആകെ | 173 | 116 | 85647931 | 49733544 | |

നിർവ്വഹണോദ്യോഗസ്ഥരായ വെറ്ററിനറി സർജ്ജൻ, മെഡിക്കൽ ഓഫീസർ-PHC, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, GLPS എന്നിവരുടെ പദ്ധതിച്ചെലവ് സാമ്പത്തിക വർഷം 50% ത്തിൽ താഴെ മാത്രമാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്- അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 254387 | 1367288 | 1621675 | 1605612 | 16063 |
| എം.എൻ.ആർ. ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 28453318 | 28453318 | 28453318 | 0 |
| ആകെ | 254387 | 29820606 | 30074993 | 30058930 | 16063 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4,355,600.00 | 428 |
| വിധവാ പെൻഷൻ | 11,421,600.00 | 818 |
| വാർദ്ധക്യകാല പെൻഷൻ | 19,205,400.00 | 1899 |
| വികലാംഗ പെൻഷൻ | 3,128,600.00 | 298 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000.00 | 3 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,301,200.00 | 125 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-8-2023 തീയതിയിൽ 2.30 P.m. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49102/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 11.10.22 പ്രാബല്യത്തിൽ 25.09.2025 വരെ പുതുക്കി ലഭ്യമായിട്ടുണ്ട്. പൗരാവകാശരേഖ 2023ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും

കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം തനത് ഫണ്ട് രേഖകളെല്ലാം കൈകാര്യം ചെയ്തിട്ടുള്ളത് ILGMS സംവിധാനത്തിലൂടെയാണ്. അക്കൗണ്ടിംഗ്, എന്നിവയും ILGMS മുഖേനയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. എല്ലാ പർച്ചേസുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മുഖേന നിർവ്വഹിച്ചിട്ടില്ല. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വർഡുകളിലുമുള്ള റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും, ആയവ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായി R-Track ൽ അപ്ഡേറ്റ് ചെയ്ത് വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

24.02.22 മുതൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 04/2016 മുതൽ 02/2022 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 16.09.2022ന് നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ ആഗസ്റ്റ് 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## 1-11 ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഈടാക്കേണ്ടതാണ്

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർറ്റെയ്ൻമെന്റ് ടാക്സ് ആക്ട് വകുപ്പ് 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കോട്ടായി ഗ്രാമപഞ്ചായത്തിൽ വിനോദനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 1603384 രൂപയാണ് വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. ഫയൽ, ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചതിൽ ജി.എസ്.ടി ഒടുക്കിയ രേഖകളുടെ അടിസ്ഥാനത്തിലല്ല നികുതി ഈടാക്കുന്നത് എന്ന് ബോധ്യപ്പെട്ടു.
KRV മൂവീസ് (സ്ക്രീൻ 1 - എക്സിക്യൂട്ടീവ്, സ്ക്രീൻ 2 -സ്റ്റാൻഡേർഡ്), ആവിഷ്കാർ സിനിമാസ് (സ്ക്രീൻ 1, സ്ക്രീൻ 2) എന്നീ രണ്ടു തിയേറ്ററുകളാണ് കോട്ടായി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നത്.

ആവിഷ്ക്കാർ സിനിമാസ്

| സ്ക്രീൻ നമ്പർ | നികുതി ഒഴികെയുള്ള അടിസ്ഥാന ടിക്കറ്റ് നിരക്ക് | എന്റർറ്റെയ്ൻമെന്റ് ടാക്സ്/ടിക്കറ്റ് | ഈടാക്കുന്ന വിനോദനികുതി (%) |
|---|---|---|---|
| സ്ക്രീൻ 1 (എക്സിക്യൂട്ടീവ്) | 135.98 | 11.56 | 8.5 |
| സ്ക്രീൻ 2 (സ്റ്റാൻഡേർഡ്) | 112.56 | 9.56 | 8.5 |

KRV മൂവീസ്

| സ്ക്രീൻ നമ്പർ | നികുതി ഒഴികെയുള്ള അടിസ്ഥാന ടിക്കറ്റ് നിരക്ക് | എന്റർറ്റെയ്ൻമെന്റ് ടാക്സ്/ടിക്കറ്റ് | ഈടാക്കുന്ന വിനോദനികുതി (%) |
|---|---|---|---|
| സ്ക്രീൻ 1 | 80.27 | 4.01 | 5 |
| സ്ക്രീൻ 2 | 80.27 | 4.01 | 5 |

ജി.എസ്.ടി, മറ്റ് നികുതികൾ എന്നിവ ഒഴികെയുള്ള അടിസ്ഥാന ടിക്കറ്റ് നിരക്കിന് ആനുപാതികമായാണ് വിനോദ നികുതി ഈടാക്കിവരുന്നത്. തിയേറ്ററിൽ നിന്നും ലഭിക്കുന്ന പ്രതിദിന കളക്ഷൻ റിപ്പോർട്ടിൽ (ഡി.സി.ആർ) രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തെ അടിസ്ഥാന ടിക്കറ്റ് നിരക്ക് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയുടെ 8.5% (100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക്), 5% (100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക്) എന്നിങ്ങനെയാണ് വിനോദനികുതിയായി ഈടാക്കിവരുന്നത്. സ്ഥാപനം ജി.എസ്.ടി അടവാക്കിയിട്ടുള്ള ജി.എസ്.ടി റിട്ടേണുകൾ പരിശോധനാവിധേയമാക്കാതെ സ്ഥാപനത്തിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രതിദിന കളക്ഷൻ റിപ്പോർട്ടിൽ (ഡി.സി.ആർ) രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വിനോദ നികുതി ഈടാക്കുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(നം.25/22-8-23)ത്തിന് മറുപടിയായി, ജി.എസ്.ടി റിട്ടേണുകൾ സമർപ്പിക്കുന്നതിന് രണ്ടു തിയേറ്ററുകൾക്കും നം.A7/3263/23 , തിയതി -22/8/23 കത്തു മുഖേന അറിയിപ്പ് നല്കിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. രേഖപ്പെടുത്തുന്ന ടിക്കറ്റുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടെന്ന് സംശയിക്കുന്ന സാഹചര്യത്തിൽ തിയറ്ററിൽ ടിക്കറ്റുകൾ തദ്ദേശ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് പരിശോധിക്കാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

1.) ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്.

1-12 വസ്തുനികുതി - അവലോകനം

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ചിട്ടുണ്ടെങ്കിൽ, തുടർ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്കാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ(നം.24/22-8-2023)ത്തിന് മറുപടിയായി, നിലവിൽ സേവനഉപനികുതി ഈടാക്കേണ്ടതില്ല

എന്നാണ ഭരണസമിതി തീരുമാനിച്ചിരിക്കുന്നത് (തീരുമാനം 9(1)തിയതി-20-7-2023) എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിജ്ഞാപനങ്ങൾക്ക് വിധേയമായി കോട്ടായി പഞ്ചായത്തിലെ വിവിധ വിനിയോഗഗണങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 1/4/2023 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ ഭരണസമിതി തീരുമാനം 2(1) തിയതി -3/5/2023 ൽ നിശ്ചയിക്കുകയും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യം നല്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് സംബന്ധിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ച ആക്ഷേപങ്ങൾ പഞ്ചായത്ത് കമ്മിറ്റി പരിഗണിച്ച് 20-7-2023 തിയതിയിലെ ഭരണസമിതി തീരുമാനം 9(1) പ്രകാരം 2023 ഏപ്രിൽ 1ന് പ്രാബല്യത്തിൽ അന്തിമമാക്കിയിട്ടുള്ളതുമാണ്. കെട്ടിടങ്ങൾസംബന്ധിച്ച വിവരശേഖരണത്തിന് സർക്കാർ നിയമപ്രകാരംനിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് കൂടികാഴ്ച നടത്തുകയും ആയത്പ്രകാരം ഏഴ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുകയും ടി വ്യക്തികൾക്ക് പരിശീലനം ലഭ്യമാക്കുകയും വിവരശേഖരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
05.04.2023 ലെ സ.ഉ(അച്ചടി)നം.25/2023/LSGD നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 479/2023 വിജ്ഞാപന പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും (01.04.2023) സർക്കാർ നിശ്ചയിച്ചിരുന്നു. സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വിജ്ഞാപന പ്രകാരം ഉപയോഗക്രമങ്ങൾക്ക് ബാധകമായ നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചതായി കാണുന്നില്ല. ആയതിനുള്ള കാരണമാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, നിലവിൽ ക്രമീകരണം വരാത്തതിനാൽ സഞ്ചയ സോഫ്റ്റ്വെയറിൽ പുതിയ നിരക്ക് രേഖപ്പെടുത്തിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-13 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പ്രൊജക്ട്-ഭാഗികമായ കാലയളവിൽ മാത്രം തുക നല്കി

ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2022-2023 വർഷത്തിൽ കോട്ടായി ഗ്രാമപഞ്ചായത്ത് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലുള്ള ക്ഷീരസംഘങ്ങളിൽ നിന്ന് പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ വീതം ധനസഹായം നല്കുന്നതിനാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. സംഘങ്ങളുടെ കീഴിലുള്ളവർക്കു 2022 ഏപ്രിൽ, മെയ്, ജൂൺ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ മാത്രമെ ആനുകൂല്യം മാത്രമേ നൽകിയിട്ടുള്ളൂ എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് : 91/23 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

നിർവഹണോദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 715000 രൂപ (വികസന ഫണ്ട് -പൊതുവിഭാഗം സാധാരണവിഹിതം -500000 രൂപ)

ബ്ലോക്ക് പഞ്ചായത്ത്- 215000 രൂപ

ചെലവ് – 715000 രൂപ

(ബിൽ നം.1/24-2-23 – 5,00,000/-രൂപ

ബിൽ നം.2/17-3-23- 2,15,000/-രൂപ)

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ശരാശരി അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു. ആയതിന്റെ കാരണം ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് അന്വേഷണം നം.22 തിയതി – 22-8-23 നല്കിയതിനു മറുപടി ലഭ്യമായിട്ടില്ല. സബ്സിഡി തുക മുഴുവൻ മാസങ്ങളിലും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന തരത്തിൽ പ്രൊജക്റ്റ് ആവിഷ്കരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വെള്ളക്കരം കുടിശ്ശിക ഈടാക്കേണ്ടതാണ്

2022-2023 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രികയിൽ വെള്ളക്കരകുടിശ്ശിക താഴെക്കൊടുത്തിരിക്കുന്ന പ്രകാരമാണ്.

| | |
|---|---|
| Receivables For Water Charges (Current) | 775435 |
| Receivables For Water Charges(arrears) | 3079560 |
| ആകെ | 3854995 |

മേൽ കുടിശ്ശിക ഈടാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/22-8-23) മറുപടിയായി, കുടിശ്ശിക പിരിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം പമ്പ് ഓപ്പറേറ്റർമർ മുഖേന ഗുണഭോക്താക്കളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സർവ്വേ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി നാളിതുവരെയുള്ള പോസ്റ്റിങ് നടത്തിവരുകയും ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്.
വാർഷികധനകാര്യപത്രികയിലെ വെള്ളക്കരകുടിശ്ശികയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. രജിസ്റ്ററുകൾ ലഭ്യമാക്കാത്തതിനാൽ വെള്ളക്കരകുടിശ്ശിക സംബന്ധിച്ച തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
വെള്ളക്കരം കുടിശ്ശിക ഇനത്തിലുള്ള തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ

(എ) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 6 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. റൂം നമ്പർ 5 ൽ പ്രവർത്തിച്ചു വരുന്ന വനിതാ കാന്റീൻ (ജനകീയ ഹോട്ടൽ) പി.ആർ.നം.10(3) തിയതി:29-01-2021 പ്രകാരം വാടക ഒഴിവാക്കിയിട്ടുണ്ട്. വാടകക്കാരുമായുള്ള എഗ്രിമെന്റിൽ തിയതിയും തീരുമാന നമ്പറും രേഖപ്പെടുത്തിയിട്ടില്ല.

(ബി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 4/18-08-2023 ന് നൽകിയ മറുപടിയിൽ (എ) നിലവിൽ വാടകക്കാരുമായുള്ള എല്ലാ എഗ്രിമെന്റിലും തീരുമാന നമ്പറും, തിയതിയും രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും, (ബി) പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ളക്സ് നടത്തിപ്പിനായുള്ള ബൈലോ രൂപീകരിച്ച് അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നുണ്ടെന്നും, ആയത്

തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-16 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ട് (റോഡിതരം) ൽ നിന്നും 1,00,000/- രൂപ പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ), ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 17/23 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 100000/- രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 100000/- രൂപ |
| ബിൽ നം./തിയതി | 02/22-23- തിയതി- 17.02.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പ്രൊഫോർമ ഇൻവോയ്സ് | പി.എഫ്. 364/16.09.2022 – 100000/- രൂപ |
| അക്കൗണ്ട് നമ്പർ | 34306403911 (IFSC CODE : SBIN0012873) |

ഫയലുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നുകാണുന്നു. ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 2/18-08-2023 ന് നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ), ആലപ്പുഴ ജില്ലാ മാനേജർക്ക് കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. രോഗികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പ്രൊജക്റ്റുകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച്.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ട താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 204/22-23 (പാഡ് ഫ്രീ - കോട്ടായി - മെൻസ്ട്രുവൽ കപ്പ് വിതരണം എസ്.സി. വനിത) | എസ്.സി.പി 200000/- | ഇല്ല |
| 206/22-23 (പാഡ് ഫ്രീ - കോട്ടായി - മെൻസ്ട്രുവൽ കപ്പ് വിതരണം ജനറൽ വനിത) | പൊതു വിഭാഗം, സാധാരണ വിഹിതം 200000/- | ഇല്ല |
| 157/22-23 (ഹെൽത്ത് ഗ്രാന്റ്) | ഫണ്ട് ഇനം | ഇല്ല |

| | | |
|---|---|---|
| | രേഖപ്പെടുത്തിയിട്ടില്ല 285666/- | |
| 158/22-23 (ഹെൽത്ത് വെൽനെസ്സ് സെന്ററുകൾ) | ഫണ്ട് ഇനം രേഖപ്പെടുത്തിയിട്ടില്ല 143981/- | ഇല്ല |

മേൽ പ്രൊജക്റ്റുകൾ നടപ്പിലാക്കാത്തതിന്റെ കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 3/18-08-2023 ന് നൽകിയ മറുപടിയിൽ സാംഖ്യ മുഖേന പഞ്ചായത്തിൽ റിക്വിസിഷൻ നൽകിയെങ്കിലും സമയ പരിധിക്കുള്ളിൽ പ്രൊസീഡിംഗ്സ് ആയി ലഭിച്ചില്ലെന്നും, പ്രൊജക്റ്റുകൾ സ്പിൽ ഓവർ ആക്കി പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതികൾക്ക് തുക വകയിരുത്തുകയും, തുക ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് പദ്ധതി ആസൂത്രണത്തിലുള്ള വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ഉചിത നടപടികൾ സ്വീകരിക്കുന്നതിനും, മോണിട്ടറിങ് കാര്യക്ഷമമാക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

### 1-18 ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2132/2022/തസ്വഭവ തിയതി 31-8-2022 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം, ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ മുതലായ ഘടകങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാവുന്നതാണ്.

ഹെൽത്ത് ഗ്രാന്റ്, ഹെൽത്ത് വെൽനെസ്സ് സെന്ററുകൾ എന്നീ പ്രൊജക്റ്റുകൾക്കായി തുക വകയിരുത്തിയെങ്കിലും പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടില്ല. പ്രൊജക്റ്റുകൾ സ്പിൽ ഓവർ ആക്കി മാറ്റിയിട്ടുണ്ട്. ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം യഥാസമയം നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-19 വൃദ്ധർക്ക് കട്ടിൽ വിതരണം - എസ്.സി.പി - പ്രൊക്യൂർമെന്റ് മാർഗ്ഗരേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2022 -23 സാമ്പത്തിക വർഷം വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി.പി)പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 133/23 |
| അടങ്കൽ | 748200/- |
| ചെലവ് | 233400/- ട്രഷറി ബിൽ നം.17/29-03-23 |
| സപ്ലെയർ | ARTCO LTD, മലപ്പുറം |

| | |
|---|---|
| സ്പെസിഫിക്കേഷൻ | HW Cot 198 X90cm , Front Leg 60cm, Back Leg -50cm, 8mm Plywood Top |
| ബിൽ നമ്പർ/തിയതി | MPM 473/28.03.2023 |

മേൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനിലുള്ള 60 കട്ടിലുകൾ ഒരു കട്ടിലിന് 3890/-രൂപ നിരക്കിൽ ARTCO LTD, മലപ്പുറം -ൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 3890/- രൂപ ഭരണസമിതി 17-02-23 ലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ടിന്റെ പരിശോധനയിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)സ.ഉ(പി)നം.259/2010/ തസ്വഭവ ,തിയതി. 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്.ആയതിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടില്ല. 24-01-23 തിയതിയിലെ ടെണ്ടർ പരസ്യത്തിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മാത്രമാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്.

2)പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ മേൽ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ സംബന്ധിച്ച് തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്പെസിഫിക്കേഷൻ ലഭിച്ചത് മാർച്ച് അവസാനമായതിനാൽ അടിയന്തിരമായി പ്രൊക്യൂർമെന്റ് യോഗം ചേരാൻ കഴിഞ്ഞില്ല എന്നാണ് അറിയിച്ചത്. ഓപ്പൺ ടെണ്ടർ ക്ഷണിക്കാത്തത് സംബന്ധിച്ച് മറുപടിയിൽ ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല.

തുടർന്നുള്ള വർഷങ്ങളിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.15/21-08-2023)

1-20 വൃദ്ധർക്ക് കട്ടിൽ വിതരണം - ജനറൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 121/23 |
| അടങ്കൽ | 691650/- |
| ചെലവ് | 618583/- ട്രഷറി ബിൽ നം.16/31-03-23 |
| സപ്ലെയർ | ARTCO LTD, മലപ്പുറം |

| | |
|---|---|
| സ്പെസിഫിക്കേഷൻ | HW Cot 198 X90cm , Front Leg 60cm, Back Leg -50cm, 8mm Plywood Top |
| ബിൽ നമ്പർ/തിയതി | 1)MPM 456/27.03.2023 -389046/-<br>2)MPM 457/27-03-2023 - 229537/- |

മേൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനിലുള്ള 159 കട്ടിലുകൾ ഒരു കട്ടിലിന് 3890/-രൂപ നിരക്കിൽ ARTCO LTD, മലപ്പുറം -ൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 3890/- രൂപ ഭരണസമിതി 17-02-23 ലെ 1(5) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ടിന്റെ പരിശോധനയിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)സ.ഉ(പി)നം.259/2010/ തസ്വഭവ ,തിയതി. 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ആയതിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടില്ല. അഞ്ച് ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടത്തേണ്ടതാണെന്നതും പരിഗണിച്ചിട്ടില്ല. 24-01-23 തിയതിയിലെ ടെണ്ടർ പരസ്യത്തിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മാത്രമാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്.

2)പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ മേൽ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ സംബന്ധിച്ച് തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

3)28-05-2022തീയ്യതിയിലെ സ.ഉ.(കൈ)നം-115/2022/തസ്വഭവ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം ഖണ്ഡിക 7.1.14 (2) ൽ 60 വയസ്സ് പൂർത്തിയായവരെയാണ് വയോജനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആധാർ കാർഡ് പരിശോധിച്ചതിൽ 60 വയസ്സ് പൂർത്തിയാകാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ആധാർകാർഡ് പ്രകാരമുള്ള ജനന വർഷം താഴെ കൊടുക്കുന്നു.

| വാർഡ് | ഗുണഭോക്താവിന്റ പേര് | ആധാർ നമ്പർ | ജനന വർഷം | വയസ്സ് (2023 ൽ ) |
|---|---|---|---|---|
| 4 | നബീസ, ചെമ്പരിത്തീയാംപറമ്പ് | 892307039727 | 1971 | 52 |
| 11 | പാർവ്വതി.എം, നെല്ലിപ്പറമ്പ് ഹൗസ് | 961808933550 | 1965 | 58 |
| 14 | വേശ, ഏറാട്ട് വീട്, കോട്ടായി | 956206644828 | 1974 | 49 |

പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.14/21-08-23)

1-21 വിദ്യാഭ്യാസ മേഖലയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

2021-22 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും വിവിധ കാരണങ്ങളാൽ 2022-23 വർഷത്തേക്ക് സ്പിൽ ഓവർ പ്രോജക്ട് ആയി അംഗീകാരം നേടുകയും ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | 63/23 സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ | 220319 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| 2 | 62/23സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ എസ്സ്.സി.പി | 22800 | വികസന ഫണ്ട്-എസ്.സി.പി |
| 3 | 58/23 ഊർജ്ജിത സാക്ഷരത പരിപാടി | 100000 | വികസനഫണ്ട് ജനറൽ |
| 4 | 59/23 എസ്സ് .സി വിദ്യാർത്ഥികൾക്ക് എൽ എസ്സ് എസ്സ് സ്കോളർഷിപ്പ് പരിശീലനം | 40000 | വികസന ഫണ്ട്-എസ്.സി.പി |
| 5 | 60/23 തുടർ സാക്ഷരത പരിപാടി | 100000 | വികസനഫണ്ട് ജനറൽ |
| 6 | 61/23 പഠന വീട് | 100000 | വികസന ഫണ്ട്-എസ്.സി.പി |

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാതെ തുക ലാപ്സ് ആക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/21-08-23) എസ്സ്.സി വിദ്യാർത്ഥികൾക്ക് എൽ.എസ്സ്.എസ്സ് സ്കോളർഷിപ്പ് പരിശീലനം, പഠന വീട് തുടങ്ങിയ പ്രൊജക്ടുകൾ വേണ്ടത്ര കോർഡിനേഷൻ ഇല്ലാത്തത് മൂലം നടപ്പിലാക്കിയില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ജനറൽ,എസ്.സി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ച്കൊണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1)ലൈഫ് മിഷൻ - ഭവന നിർമ്മാണം (ജനറൽ) പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്റ്റ് നം. | 89/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 4000000/- |
| ചെലവ് | 552400/- |

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വാസയോഗ്യമായ നിലയിൽ വീടിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ടോയ്‌ലറ്റിന്റെ പണി പൂർത്തീകരിക്കാനുള്ളതിനാൽ ആയത് കൂടി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.33/23-08-2023)

| വാർഡ് നം. | എഗ്രിമെന്റ് തിയതി | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 8 | 26-07-2018 | ഷമീറ, കുന്നത്ത്പ്പറമ്പ്, പുളിനെല്ലി | 360000/- | 40000/- |

2)ലൈഫ് മിഷൻ - ഭവന നിർമ്മാണം (എസ്.സി) പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്റ്റ് നം. | 75/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 8400000/- |
| ചെലവ് | 3185000/- |

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ്.സി .പി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താവിന്റെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിരവധി തവണ നേരിൽ കണ്ടും രേഖാമൂലം അറിയിപ്പ് നൽകിയിട്ടും പണി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താവ് തയ്യാറായില്ലെന്നും നിലവിൽ തറപ്പണി മാത്രം പൂർത്തീകരിച്ചിട്ടുള്ള ഭവനത്തിന്റെ പൂർത്തീകരണത്തിനായി ഭരണ സമിതിയിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി രേഖാമൂലം കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.32/23-08-2023).

| വാർഡ് നം. | എഗ്രിമെന്റ് തിയതി | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 4 | 23-02-2022 | സുമിജ.എം.എസ്, പടിഞ്ഞാറേ മേക്കോണം, കരിയംകോട് | 200000/- | 200000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്, അല്ലാത്ത പക്ഷം നൽകിയ സാമ്പത്തിക സഹായം 12% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

1-23 ഭവന പുനരുദ്ധാരണം - അർഹമായ ആനുകൂല്യം അനുവദിച്ചിട്ടില്ല

ഭവന പുനരുദ്ധാരണം - എസ്.സി

| | |
|---|---|
| പ്രൊജക്റ്റ് നം. | 22/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 344000/- |
| ചെലവ് | 150000/-<br>( വികസന ഫണ്ട്- എസ്.സി.പി) |

2022-23 സാമ്പത്തിക വർഷം പദ്ധതി പ്രകാരം 8 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഓവർസീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30000/- രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്.

പതിനാലാം പദ്ധതിയുടെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ലെ ഖണ്ഡിക 6.7.4 പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്ക് പട്ടികജാതി വിഭാഗത്തിന് എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 150000/- രൂപ വരെ നൽകാവുന്നതാണ്. വാല്യേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 30000/- രൂപയിൽ കൂടുതലുള്ള ഗുണഭോക്താക്കൾക്കും ടി പദ്ധതി പ്രകാരം 30000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

തൻവർഷത്തെ വികസന ഫണ്ട്- എസ്.സി.പി യുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| മുൻബാക്കി | തൻവർഷത്തെ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|
| 0 | 15343458 | 15343458 | 14425791 | 917667 |

ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിന് ആവശ്യമായ തുക വകയിരുത്താത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തുന്നതിനും ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.27/22-08-2023)

1-24 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -സപ്ലൈയറിൽ നിന്ന് GST ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് | 25/23 വ്യക്തികൾക്ക് ബയോ കമ്പോസ്റ്റ് ബിൻ (Spill Over) | 23/23 ഉറവിട ജൈവ മാലിന്യ സംസ്കരണം (Spill Over) |
| അടങ്കൽ | 792000/-(ധനകാര്യ കമ്മിഷൻ അവാർഡ് + ഗുണഭോക്തൃ വിഹിതം ) | 288000/-(144000 -ധനകാര്യ കമ്മിഷൻ അവാർഡ് + 108000 – സംസ്ഥാനാവിഷ്കൃത ഫണ്ട് + 36000 - ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 712800/- | 288000/- |
| Sanction Order നം.തീയതി | 180/16-03-23 | 144000/- 17/12-07-22<br>36000/- 18/12-07-22<br>108000/- 58/20-10-22 |
| ഇൻവോയ്സ് നം ./തിയതി | PKD/264/2022-2023, 24-02-23 | ബി2ബി 104/03-06-2022 |
| സപ്ലൈയർ | RAIDCO,Palakkad | IRTC – PIU,Mundur,Palakkad |
| അക്കൌണ്ട് നം | 30907888775 | 0812201002322 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വ്യക്തികൾക്ക് ബയോ കമ്പോസ്റ്റ് ബിൻ വിതരണം, ഉറവിട ജൈവ മാലിന്യ സംസ്കരണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയതിൽ സപ്ലൈയർക്ക്, GST കുറവ് ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത് .

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ

സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

തുടർന്നുള്ള വർഷങ്ങളിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ നൽകുന്നതിന് മുമ്പ് നിയമാനുസൃതമായ എല്ലാ നികുതികളും ഈടാക്കിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.31/23-08-2023 & 26/22-08-2023)

1-25 ആശ്രയ പദ്ധതി - ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് | 98/23 - ആശ്രയ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 200000/-വികസന ഫണ്ട് പൊതുവിഭാഗം -സാധാരണ വിഹിതം |
| ചെലവ് | 200000/- ട്ര.ബിൽ നം.06/09-01-23 |

2022-23 സാമ്പത്തിക വർഷത്തിൽ ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ ന്റെ അക്കൗണ്ടിലേക്ക് 200000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ടി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി നടപ്പാക്കുന്നതിനായി ഭവന നവീകരണത്തിന് 5 ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് 19-06-23 തിയതിയിലെ ഭരണ സമിതി തീരുമാനം പ്രകാരമാണ് അംഗീകരിച്ച് കിട്ടിയതെന്നും ആയത് പ്രകാരം 5 അപേക്ഷകരുടെയും എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന വിവരം അറിയിച്ചിട്ടുണ്ട്.

ഭവന നവീകരണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം.13/21-08-2023).

1-26 വാഹനം വാങ്ങൽ- സപ്ലൈയറിൽ നിന്ന് GST ഈടാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്തിലേക്ക് വാഹനം വാങ്ങിയതിൽ സപ്ലൈയറിൽനിന്നും GST കുറവ് ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത് വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 41/23 ഗ്രാമപഞ്ചായത്തിലേക്ക് ജീപ്പ് |

| | |
|---|---|
| | വാങ്ങൽ |
| അടങ്കൽ | 1083000 – തനതു ഫണ്ട് |
| ചെലവ് | 928305 രൂപ |
| വൌച്ചർ നം.തീയതി | 22200807/24.12.2022- 928305/- |
| നിർവ്വഹണം | സെക്രട്ടറി |
| ഇൻവോയ്സ് നം | 1232701541748/21.10.22- 708630+ 28% GST+ 3% സെസ് = 928305 രൂപ |
| സപ്ലെയർ | മഹീന്ദ്ര & മഹീന്ദ്ര മുംബൈ |
| അക്കൌണ്ട് നം | 22205260337 |

ഇൻവോയ്സിനൊപ്പം കമ്പനി നൽകിയിട്ടുള്ള കാൽക്കലേഷൻ ടേബിളിൽ (അനക്സർ3) 2% ജി.എസ്.ടി തുക 14302 രൂപ കുറവ് ചെയ്ത് ബാക്കി 914003 രൂപ കമ്പനിയുടെ അക്കൌണ്ടിലേക്ക് നൽകിയാൽ മതി എന്ന് വ്യക്തമാക്കിയിരുന്നു. സപ്ലെയറിൽ നിന്നും സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യാതെ ബിൽ നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/22..08.2023) തുക അടവാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ബിൽ തുക നൽകുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ എല്ലാം കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-27 പ്രൊജക്ടിന് തനതു ഫണ്ട് വിഹിതം ചെലവഴിച്ചത്- നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

തൻവർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടിന് തനതു ഫണ്ടിൽനിന്നും തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവു പത്രികയിൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 168/23 വിവിധ സ്ഥലങ്ങളിൽ ട്രാഫിക് മിറർ സ്ഥാപിക്കൽ |
| അടങ്കൽ | 42000 രൂപ – തനതുഫണ്ട് |
| ചെലവ് | 42000 രൂപ |
| വൗച്ചർ നം.തിയതി | 22200386/19.09.2022- 42000 രൂപ |
| ചെക്ക് നം. | 36480/04.08.2022 |
| നിർവഹണം | സെക്രട്ടറി |
| കരാറുകാരൻ | തരുൺ ജോഷി , പട്ടഞ്ചേരി |

തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/21..08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

* പ്രൊജക്റ്റുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* ഐ.കെ.എം ആയി ബന്ധപ്പെട്ട് പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-28 സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല

2021-22 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. വിവിധ കാരണങ്ങളാൽ 2022-23 വർഷത്തേക്ക് സ്പിൽ ഓവർ പ്രോജക്റ്റ് ആയി അംഗീകാരം നേടുകയും ചെയ്ത പ്രോജക്റ്റുകൾ നടപ്പിലാക്കിയതായി കാണുന്നില്ല. പ്രൊജക്റ്റ് വിശദാംശങ്ങളും *ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.08/21.08.2023)* മറുപടി റിമാർക്സിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|
| 1 | 148/23 കമ്മ്യൂണിറ്റി കിച്ചണിലേക്ക് ചെയർ വാങ്ങി നൽകൽ | 530000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | തരൂർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ആദ്യം വിഭാവനം ചെയ്തിരുന്ന ഫണ്ട് സമയത്ത് ലഭ്യമാകാതിരുന്നതിനാലാണ് സ്പിൽ ഓവർ ആക്കേണ്ടിവന്നത് |
| 2 | 47/23 വി.ഇ.ഓ ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ | 25000 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | പഞ്ചായത്ത് ഓഫീസ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഫർണ്ണീച്ചർ നൽകിയിരുന്നതിനാലാണ് പ്രൊജക്റ്റ് നടപ്പിലാക്കാതിരുന്നത് |
| 3 | 48/23 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ | 80000 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | വകയിരുത്തിയ തുക മതിയാകാതെ വന്നതിനാൽ പ്രൊജക്റ്റ് നടപ്പിലാക്കിയില്ല |
| 4 | 29/23 വിവിധ സ്ഥലങ്ങളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ | 137496 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2023-24 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| 5 | 33/23 നിലാവ് പദ്ധതി | 150000 | വികസനഫണ്ട് ജനറൽ | കെ.എസ്.ഇ.ബിയിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ പ്രൊജക്റ്റ് നടപ്പിലാക്കിയില്ല |
| 6 | 34/23 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ | 202000 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | തൻ വർഷം റിക്വയർമെന്റുകൾ ലഭിക്കാത്തതിനാൽ പ്രൊജക്റ്റ് നടപ്പിലാക്കിയില്ല |
| 7 | 36/23 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ | 225982 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ മതിയായ കമ്പ്യൂട്ടർ ഉള്ളതിനാൽ പ്രൊജക്റ്റ് നടപ്പിലാക്കിയില്ല |

| | | | | |
|---|---|---|---|---|
| 8 | 37/23 നിലാവ് പദ്ധതി തുക നൽകൽ | 750000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കെ.എസ്.ഇ.ബിയിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ പ്രൊജക്ട് നടപ്പിലാക്കിയില്ല |
| 9 | 39/23 മാലിന്യ ശേഖരണത്തിന് വാഹനം വാങ്ങൽ | 150000<br>350000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കേന്ദ്രാവിഷ്കൃ ഫണ്ട് | ശുചിത്വ മിഷൻ ഗ്രാന്റ് ലഭിക്കാത്തതിനാൽ പ്രൊജക്ട് നടപ്പിലാക്കിയില്ല |
| 10 | 49/23 പുതിയ തെരുവുവിളക്ക് ലൈൻ വലിക്കൽ | 11000 | വികസനഫണ്ട് ജനറൽ | വകയിരുത്തിയ തുക മതിയാകാതെ വന്നതിനാൽ പ്രൊജക്ട് നടപ്പിലാക്കിയില്ല |
| 11 | 154/23 അതി ദരിദ്യർക്കുള്ള മൈക്രോ പ്ലാൻ | 318990<br>181010 | വികസനഫണ്ട് ജനറൽ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2023-24 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| 12 | 166/23 സത്രംകടവ് അക്വാ ടൂറിസം പഞ്ചായത്ത് വിഹിതം നൽകൽ | 300000 | വികസനഫണ്ട് ജനറൽ | ഡി.പി.ആർ ലഭ്യമല്ലാത്തതിനാൽ പ്രൊജക്ട് നടപ്പിലാക്കിയില്ല |

തൻവർഷത്തിൽ വിവിധ ഫണ്ടിനത്തൽ അലോട്ട്മെന്റ് ആയി ലഭിച്ച തുക, ചെലവഴിച്ചത്, നീക്കിയിരുപ്പ് / ലാപ്സായ തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 12796851 | 11910117 | 886734 |
| 2 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4570000 | 3179748 | 1390252 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ ടൈഡ്) | 10879560 | 6447074 | 4432486 |

*ഓഡിറ്റ് നിർദേശങ്ങൾ*

* അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
* പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തന്നെ ആവശ്യകത ഉറപ്പുവരുത്തേണ്ടതാണ്.

## 1-29 തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും- അപാകതകൾ

തൻവർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും പ്രൊജക്ടുകളിലെ അപാകതകൾ ചുവടെചേർക്കുന്നു

## 1-29-1 കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാരിൽനിന്നും, സേവന ദാതാക്കളിൽനിന്നും (വ്യക്തികൾ 1%, സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സപ്ലെയറിൽനിന്നും ആദായ നികുതി 1% മാത്രം കുറവു ചെയ്തിട്ടാണ് തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 201/2023 തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും |
| അടങ്കൽ | 28000 രൂപ വികസനഫണ്ട് -ജനറൽ<br>979000 രൂപ – ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>ആകെ 1007000 |
| ചെലവ് | 1006500 രൂപ |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | യുണൈറ്റ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം |
| ബിൽ നം.തീയതി | 270/29.03.2023-978500 രൂപ (CFC)<br>229/27.03.23- 28000 രൂപ (Plan) |
| ഇൻവോയ്സ് നം. | UEI/1060/25.03.2023-(852966.05 + 18% GST) = 1006500രൂപ |
| ഈടാക്കേണ്ട ആദായ നികുതി @ 2% | 852966 X2 % =17060 രൂപ |
| ഈടാക്കിയത് | 8530 രൂപ |
| കുറവ് | 8530 രൂപ |

തെരുവു വിളക്കുകൾ ലഭ്യമായിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽനിന്നും നിയമാനുസൃത നിരക്കിൽ ആദായ നികുതി ഈടാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/21.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

*ഓഡിറ്റ് നിർദേശങ്ങൾ*

* ബിൽ തുക നൽകുന്നതിനുമുൻപ് നിയമാനുസൃത നികുതികൾ എല്ലാം കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

*തെരുവു വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-29-2 ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

സ.ഉ (കൈ)നം 115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച 2022-23 മുതൽ 2026-27 വരെയുള്ള വർഷങ്ങളിലെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.20 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD Dt.30.04.15,GO(p) 524/2015/fin Dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം

മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന് വിരുദ്ധമായി തെരുവു വിളക്ക് സ്ഥാപിക്കലും പരിപാലനവും എന്ന പ്രോജക്ട് Electro Mechanical And General Civil Construction Works As PMCപ്രകാരം ചെയ്യാൻ അനുമതിയുള്ള സർക്കാർ അംഗീകൃത ഏജൻസികൾക്ക് മാത്രമായി ടെണ്ടർ പരിമിതപ്പെടുത്തി നടപ്പിലാക്കിയതിന് വിശദീകരണം *ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/21.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.*

*ഓഡിറ്റ് നിർദ്ദേശങ്ങൾ*

*സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.*

## 1-30 തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ - അംഗീകരിച്ച നിരക്കിൽ അധികം തുക നൽകി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 12.07.2021 ന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ എ.കെ എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, 27.07.2021 ലെ 2(1) നം.തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.(കരാർ നം.11/2021 തീയതി രേഖപ്പെടുത്തിയിട്ടില്ല സ്റ്റാമ്പ് പേപ്പർ വാങ്ങിയത് 12.08.2021 ന്, സെക്രട്ടറി ഒപ്പു വെച്ചിട്ടില്ല) പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് | 35/23 തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ (സ്പിൽ ഓവർ) | |
| അടങ്കൽ | 301114 രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| ചെലവ് | 183275 രൂപ | |
| വൗച്ചർ നം. | 1) 22201123/25.03.23- 92977 രൂപ (XVFC/2022-23 /P/34/25.03.2023) | |
| | 2) 22200593/03.10.2022- 90298 രൂപ (XVFC/2022-23 /P/18/30.08.2022) | |
| | നിർവ്വഹണം | സെക്രട്ടറി |
| സപ്ലൈയർ | എ.കെ എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ | |

തെരുവു വിളക്ക് പരിപാലനത്തിന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് എ.കെ എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ സമർപ്പിച്ച ടെണ്ടറിൽ, 27.07.2021 ലെ 2(1) നം.തീരുമാന പ്രകാരം അംഗീകരിച്ച നിരക്ക്, സർവ്വീസ് വയർ 2.5 Mm ന്റെ ഒരു റോളിന് 700 രൂപയാണ്. എന്നാൽ കരാറുകാരൻ സാധനങ്ങൾ സപ്ലൈ ചെയ്തപ്പോൾ അംഗീകരിച്ച നിരക്കിൽ അധികം നൽകി.

14.06.2022 ലെ ഇൻവോയ്സിൽ അംഗീകരിച്ച നിരക്ക് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്. 20.03.23 ന് ഉയർന്ന നിരക്കിലാണ് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്. അംഗീകരിച്ച നിരക്കിൽ അധികം തുക നൽകിയതുമൂലം 2250 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് KSEB കോട്ടായി ഇലക്ട്രിക്കൽ സെക്ഷനിലേക്ക് (അക്കൌണ്ട് നം. 57045350745) മുൻകൂർ തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KSEB കോട്ടായി ഇലക്ട്രിക്കൽ സെക്ഷൻ | 197/23 തെരുവു വിളക്ക് സ്ട്രീറ്റ് ലൈൻ നീട്ടൽ | XV FC/2022-23 /P/37/29.03.2023 | 593000 |
| KSEB കോട്ടായി ഇലക്ട്രിക്കൽ സെക്ഷൻ | 200/23ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | XV FC/2022-23 /P/37/29.03.2023 | 200000 |

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. രേഖപ്പെടുത്തലുകൾ ഇല്ലാത്ത 200 രൂപയുടെ സ്റ്റാമ്പ് പേപ്പർ ഫയലിൽ ഉണ്ടെങ്കിലും KSEB ഉദ്യോഗസ്ഥർ ഒപ്പുവെച്ചതായി കാണുന്നില്ല . ആയതിനാൽ സാധുവായ കരാർ നിലവിലില്ല എന്ന് അനുമാനിക്കാവുന്നതാണ്.

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/21.08.2023) ആയത് ലഭ്യമാക്കുന്നതിന് KSEB യിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, തുക പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം അനുവദിക്കുന്നതാണെന്നും അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

*പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.*

1-32 എ.ബി.സി പദ്ധതി വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പാലക്കാട് ജില്ലാ പഞ്ചായത്തും, ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി യുടെ നടത്തിപ്പിനായി കോട്ടായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 350000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് (അക്കൌണ്ട് നം. 799011400002200 STSB പാലക്കാട്) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 212/23 എ.ബി.സി പദ്ധതി |
| അടങ്കൽ | 350000 രൂപ വികസന ഫണ്ട് |
| ചെലവ് | 350000 രൂപ |
| ബിൽ നം./തീയതി | 31/23 തീ. 13.02.2023 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് തുക വകയിരുത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട് (നായ ഒന്നിന്, മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയ നിരക്ക് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിന്റെ പ്രതിഫലം ആകെ 1,500 രൂപ) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/21.08.2023) ആയത് ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, തുക പൂർണ്ണമായി വിനിയോഗിച്ച് തീർന്നിട്ടില്ലെന്നും, വിനിയോഗിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം അനുവദിക്കുന്നതാണെന്നും അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

*പ്രോജക്ടുകളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

*തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

### 1-33 MG NREGS മേറ്റുകൾക്ക് പരിശീലനം - ഹാൾ വാടക നൽകിയതിൽ ഇരട്ടിപ്പ്

13.04.2022 ന് ചെമ്പൈ മെമ്മോറിയൽ ഹാളിൽ വെച്ച് തൊഴിലുറപ്പ് പദ്ധതി മേറ്റുകൾക്ക് ഏകദിന പരിശീലനം നൽകിയിരുന്നു. പ്രസ്തുത പരിപാടിയുടെ ഹാൾ വാടക ലഭിക്കുന്നതിന് 24.05.2022 ന് ഹാൾ മാനേജർ അപേക്ഷ സമർപ്പിക്കുകയും വൌച്ചർ നം.22200187/06.06.2022 പ്രകാരം 2000 രൂപ തനതുഫണ്ടിൽനിന്നും സെക്രട്ടറി അനുവദിക്കുകയും ചെയ്തിട്ടുണ്ട്(ചെക്ക് നം.34386/06.06.2022)

വൌച്ചർ നം. 22200236/16.06.2022 പ്രകാരം 2000 രൂപ ചെക്ക് നം.34401/16.06.2022) ഇതേ ആവശ്യത്തിന് വീണ്ടും നൽകിയതായി കാണുന്നു. ഒരേ പരിപാടിക്ക് രണ്ട് പ്രാവശ്യം ഹാൾ വാടക നൽകിയതു മൂലം തനതുഫണ്ടിന് 2000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ നൽകിയിട്ടുണ്ട്.

### 1-34 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരം *ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/23.08.2023) ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.*

### 1-35 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 71 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 51 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 4എണ്ണം സ്പിൽ ഓവറും 37എണ്ണം പുതിയ പ്രവൃത്തികളുമാണ്. ₹24235192 വകയിരുത്തിയതിൽ ₹16801736 ആണ് ചെലവഴിച്ചിട്ടുള്ളത്. 69% ആണ് തൻവർഷത്തെ ആകെ ചെലവ്.

തൻ വർഷം റോഡ് മെയ്ന്റനൻസ് ഫണ്ടിൽ ₹12571853രൂപ വകയിരുത്തി 34 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 23 പ്രൊജക്ടുകൾക്കായി ₹7589957രൂപയാണ് (വകയിരുത്തിയ തുകയുടെ 60%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ടെണ്ടർ നടപടിക്രമങ്ങൾ വൈകിയതിനാൽ ശേഷിച്ച 11പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല. ലഭ്യമായ ഫണ്ടിന്റെ 56% ചെലവഴിച്ചിട്ടുണ്ട്. 5959043/- രൂപ ലാപ്സാവുകയും ചെയ്തു. മെയ്ന്റനൻസ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിച്ച പ്രവൃത്തികൾ എല്ലാം തന്നെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളാണ്.

റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ ₹3381830 വകയിരുത്തി 15 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 9പ്രൊജക്ടുകൾക്കായി ₹2112601 രൂപയാണ് (വകയിരുത്തിയ തുകയുടെ 62%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നടപ്പിലാക്കിയ പ്രൊജക്ടുകളിൽ അങ്കണവാടി അറ്റകുറ്റപ്പണികൾ, സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം, കൃഷി ഓഫീസ് പുനരുദ്ധാരണം എന്നിവ ഉൾപ്പെടുന്നു.

സി.എഫ്.സി ഗ്രാന്റിനത്തിൽ ₹2630780രൂപ വകയിരുത്തി 9പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 8പ്രൊജക്ടുകൾക്കായി ₹2326095രൂപയാണ് (വകയിരുത്തിയ തുകയുടെ 88%) തൻവർഷം ചെലവഴിച്ചിട്ടുള്ളത്.നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ടേക്ക് എ ബ്രേക്ക് പദ്ധതി നവീകരണം, കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപ്പണികൾ, ഡ്രെയ്നേജ് പുനരുദ്ധാരണം എന്നിവ ഉൾപ്പെടുന്നു.

നടപ്പിലാക്കിയ പദ്ധതികൾ എല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

രേഖകളുടെ സൂക്ഷിപ്പ്

കാഷ് ബുക്ക് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലുള്ളതല്ല. (TR7A)

കരാർ രജിസ്റ്റർ, കരാറുകൾ എന്നിവയിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനം രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററുകൾ, കരാർ എന്നിവയിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി വിവരം കാലികമാക്കൽ - തൽസ്ഥിതി

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സി.എഫ്.സി ഫണ്ടിൽ നിന്ന് 50000രൂപ വകയിരുത്തി സർവ്വെ ചെയ്യുന്നതിനായി 40600/-രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും, ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്റെ ഭാഗമായി R-Track ൽ അപ്ഡേറ്റ് ചെയ്ത് വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് (നം-6/19.08.23) മറുപടി സമർപ്പിച്ചിട്ടുണ്ട്..

.ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1)പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ് സംരക്ഷണ പദ്ധതികൾ രൂപീകരിക്കുന്നത്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നില്ല.
സാമ്പത്തിക വർഷം തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഡിസ് പ്ലേ ബോർഡുകൾക്ക് തുക വകയിരുത്തിയിട്ടില്ല.

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.7 പ്രകാരം പൊതുമരാമത്ത് പണികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതത് പണിസ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-17 (3) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-36 ഇ-ടെണ്ടർ ഫീ - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 41280/- രൂപ തനത് ഫണ്ടിലേക്ക് അടവാക്കി

അസി. എഞ്ചിനീയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ അക്കൗണ്ടിൽ വരവ് വരുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ 2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ നടത്തിയ വകയിൽ തനത് ഫണ്ടിൽ നാളിതു വരെ തുകകളൊന്നും വരവ് വന്നിരുന്നില്ല. ഇത്തരത്തിൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് വരവ് വരേണ്ട തുകകളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7/19.08.23) അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ 2022-23 സാമ്പത്തിക വർഷം വരവ് വന്ന 41280/രൂപ തനത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ( രസീത് നം - 1230102543/23.08.23)

ഇ-ടെണ്ടർ ഫീ സമയബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 MG NREGS മേറ്റുകൾക്ക് പരിശീലനം - ഹാൾ വാടക നൽകിയതിൽ ഇരട്ടിപ്പ്

13.04.2022 ന് ചെമ്പൈ മെമ്മോറിയൽ ഹാളിൽ വെച്ച് തൊഴിലുറപ്പ് പദ്ധതി മേറ്റുകൾക്ക് ഏകദിന പരിശീലനം നൽകിയിരുന്നു. പ്രസ്തുത പരിപാടിയുടെ ഹാൾ വാടക ലഭിക്കുന്നതിന് 24.05.2022 ന് ഹാൾ മാനേജർ അപേക്ഷ സമർപ്പിക്കുകയും വൌച്ചർ നം.22200187/06.06.2022 പ്രകാരം 2000 രൂപ തനതുഫണ്ടിൽനിന്നും സെക്രട്ടറി അനുവദിക്കുകയും ചെയ്തിട്ടുണ്ട്(ചെക്ക് നം.34386/06.06.2022)

വൌച്ചർ നം. 22200236/16.06.2022 പ്രകാരം 2000 രൂപ ചെക്ക് നം.34401/16.06.2022) ഇതേ ആവശ്യത്തിന് വീണ്ടും നൽകിയതായി കാണുന്നു. ഒരേ പരിപാടിക്ക് രണ്ട് പ്രാവശ്യം ഹാൾ വാടക നൽകിയതു മൂലം തനതുഫണ്ടിന് 2000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/21..08.2023) ശ്രദ്ധക്കുറവ് കൊണ്ട് സംഭവിച്ചതാണെന്നും, തുക അടവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തനതു ഫണ്ടിനുണ്ടായ 2000 രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തുക അടവാക്കുന്നതുവരെ 2000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

### 3-2 തെരുവു വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ - അംഗീകരിച്ച നിരക്കിൽ അധികം തുക നൽകി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ മെയിന്റനൻസിനായി സാധനങ്ങൾ സപ്ലൈ

ചെയ്യുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് രൂപീകരിക്കുകയും 12.07.2021 ന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഏ.കെ എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ, 27.07.2021 ലെ 2(1) നം.തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.(കരാർ നം.11/2021 തീയതി രേഖപ്പെടുത്തിയിട്ടില്ല സ്റ്റാമ്പ് പേപ്പർ വാങ്ങിയത് 12.08.2021 ന്, സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല) പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് | 35/23 തെരുവ് വിളക്ക് മെയിന്റനൻസ് സാധനങ്ങൾ വാങ്ങൽ (സ്പിൽ ഓവർ) | |
| അടങ്കൽ | 301114 രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| ചെലവ് | 183275 രൂപ | |
| വൌച്ചർ നം. | 1) 22201123/25.03.23- 92977 രൂപ (XVFC/2022-23 /P/34/25.03.2023) | |
| | 2) 22200593/03.10.2022- 90298 രൂപ (XVFC/2022-23 /P/18/30.08.2022) | |
| | നിർവ്വഹണം | സെക്രട്ടറി |
| സപ്ലൈയർ | ഏ.കെ എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ | |

തെരുവ് വിളക്ക് പരിപാലനത്തിന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഏ.കെ എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ സമർപ്പിച്ച ടെണ്ടറിൽ, 27.07.2021 ലെ 2(1) നം.തീരുമാന പ്രകാരം അംഗീകരിച്ച നിരക്ക്, സർവ്വീസ് വയർ 2.5 Mm ന്റെ ഒരു റോളിന് 700 രൂപയാണ്. എന്നാൽ കരാറുകാരൻ സാധനങ്ങൾ സപ്ലൈ ചെയ്തപ്പോൾ അംഗീകരിച്ച നിരക്കിൽ അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | ഇൻവോയ്സ് നം | സർവ്വീസ് വയർ 2.5 Mm | ബിൽ പ്രകാരം നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 22200593/03.10.22-90298 രൂപ | 21/14.06.22-46675 രൂപ | 700x10 = 7000 | 7000 | 7000 | 0 |
| 2 | 22201123/25.03.23-92977 രൂപ | 201/22.03.23-92977 രൂപ | 850 X 15= 12750 | 12750 | 700x15 = 10500 | 2250 |

14.06.2022 ലെ ഇൻവോയ്സിൽ അംഗീകരിച്ച നിരക്ക് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ട്. 20.03.23 ന് ഉയർന്ന നിരക്കിലാണ് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളത്. അംഗീകരിച്ച നിരക്കിൽ അധികം

തുക നൽകിയതുമൂലം 2250 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. നിലവിലെ കരാറിന്റെ കാലാവധി ഒരു വർഷം മാത്രമാണ് എന്നിരിക്കെ കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് പുതിയ ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കാതെ 20.03.2023 ന് പുതിയ സപ്ലൈ ഓർഡർ കൊടുത്തത് പ്രൊക്യൂർമെന്റ് നടപടികളുടെ ലംഘനമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/21.08.2023) അനിവാര്യ ചുമതലയായതിനാൽ അടിയന്തിരമായി നടപ്പിലാക്കിയതാണെന്നും, ശ്രദ്ധക്കുറവുകൊണ്ട് അധിക തുക നൽകിയതാണെന്നും, തുക തിരികെ അടവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തനതു ഫണ്ടിനുണ്ടായ 2250 രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തുക അടവാക്കുന്നതുവരെ 2250 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 17.08.2023 മുതൽ 23.08.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കുഴൽമന്ദം | 2022-23 | 51620 | 140/23 വനിത കർഷകർക്ക് നെൽകൃഷി കൂലിച്ചെലവ് | 51620 | 0 |
| | 2022-23 | 948380 | 138/23 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 948380 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 145063 | 75/23 ലൈഫ് മിഷൻ (എസ്.സി.പി) | 145063 | 0 |
| | 2022-23 | 193833 | 196/23 ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിതർക്ക് 3സെന്റ് വസ്തു വാങ്ങി നൽകൽ (ജനറൽ) | 193833 | 0 |
| | 2022-23 | 133145 | 13/23 അങ്കണവാടി പോഷകാഹാര പരിപാടി (ജനറൽ) | 133145 | 0 |
| | 2022-23 | 198466 | 119/23 അങ്കണവാടി പോഷകാഹാരം-എസ്.സി.പി | 198466 | 0 |
| | 2022-23 | 215000 | 91/23-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 215000 | 0 |
| | | 301994 | വിവരങ്ങൾ ലഭ്യമല്ല | 0 | 301994 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 1336175 | 138/23 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 1336175 | 0 |
| | 2022-23 | 319247 | 140/23 വനിത കർഷകർക്ക് നെൽകൃഷി കൂലിച്ചെലവ് | 319247 | 0 |
| | 2022-23 | 40000 | 141/23എസ്.സി വനിത കർഷകർക്ക് നെൽകൃഷി കൂലിച്ചെലവ് | 40000 | 0 |
| | 2019-20 | 799088 | ലൈഫ് ഭവനം | 420000 | 379088 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB കോട്ടായി ഇലക്ട്രിക്കൽ സെക്ഷൻ | 197/23 തെരുവു വിളക്ക് സ്ട്രീറ്റ് ലൈൻ നീട്ടൽ | XV FC/2022-23 /P/37/29.03.2023 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 593000 | 0 | 593000 |
| KSEB കോട്ടായി ഇലക്ട്രിക്കൽ സെക്ഷൻ | 200/23ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | XV FC/2022-23 /P/37/29.03.2023 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 200000 | 0 | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹഡ്കോ വായ്പ | 18.05.18 ലെ ജിഒ(എം.എസ്) നം 68/2018 എൽ.എസ്.ജി.ഡി | 50000, ആകെ വായ്പ 13102000 | 13052000 ** | 1970291 * | | 11,131,709.00 |

* വികസന ഫണ്ടിന്റെ (ജനറൽ, എസ്.സി.പി) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക. .

** മുൻവർഷത്തിൽ ലൈഫ് സംസ്ഥാന വിഹിതമായി ലഭിച്ച 100000 രൂപ വായ്പ ഇനത്തിൽ വരവായി ചേർത്തതുമൂലം മുന്നിരിപ്പ് തുക 13152000 ആയി തെറ്റായി ചേർത്തിരിന്നു. യഥാർത്ഥ മുന്നിരിപ്പ് 13052000 രൂപയാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷംം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2007-08 | 3-1 | 2010-11 | 2.14 | പൊതുഅവലോകനം - ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | സമിതിയുടെ സിറ്റിംഗ് നടന്നിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 42521298 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31342843 |
| നീക്കിയിരിപ്പ് | 11178455 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 2000 | ശ്രീ. ഗിരീഷ് ഇ.വി സെക്രട്ടറി |
| 3-2 | 2250 | ടി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ്.ഇ.വി സെക്രട്ടറി | സെക്രട്ടറി, കോട്ടായി ഗ്രാമപഞ്ചായത്ത് | സായ് കൃപ എഴുത്താണി, വിളയോടി, ചിറ്റൂർ, പാലക്കാട്- 678103 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | LF.P7/1024 /99/3-6-2000 | 4 | പുനരഭിപ്രായം |
| 1997-98 | LFP12/415/02/ 15.5.02 | 5 | ഹെഡാഫീസ് കത്തിനുള്ളമറുപടി |
| 1998-99 | LFP12/943 /01/15.10.01 | 6 | ഫർദർറിമാർക്സ് |
| 1999-2000 | LFP12/640/01 | 5 | ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | /16.1.02 | | |
| 2000-01 | LFP8/679 /05/16.5.06 | 5 | ഫർദർ റിമാർക്സ് |
| 2001-02പ്ലാൻ | LFP8/598 /05/14.5.06 | 3 | ഫർദർ റിമാർക്സ് |
| 2001-2002 വരവ്-ചെലവ് | LFP8/598 /05/5.8.06 | 6 | ഫർദർ റിമാർക്സ് |
| 2002- 03 | LFP15/528 /06/15.9.2006 | 6 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP15/655 /08/20.8.2009 | 11 | ഫർദർ റിമാർക്സ് |
| 2004-05 | LFP15/748/11/7.6.11 | 1 | ഫർദർ റിമാർക്സ് |
| 2005-06 | LFP15/1124 /11/5.9.11 | 3 | ശുദ്ധിപത്രം |
| 2006-07 | LFP15/1864 /11/5.1.12 | 5 | ഫർദർറിമാർക്സ് |
| 2007-08 | LFP15/398 /15/4.5.15 | 6 | ശ്രീ.സുബ്രഹ്മണ്യൻ, സെക്രട്ടറിയെ നേരിൽ കേട്ടത്-കത്ത്. |
| 2008-09, 09-10, 10-11 | LFP15/602 /12/6.6.15 | 15 | ഖ - 3(6), 3(10) എന്നിവ ഒഴിവാക്കിയത് സംബന്ധിച്ച് |
| 2011-12 | LFP11/1701/13/ 31.10.2013 | 11 | ഫർദർ റിമാർക്സ് |
| 2012-13 | KSA-PKD15/1025/15/ 17-9-2015 | 9 | ഫർദർ റിമാർക്സ് |
| 2013-14 2014-15 | KSA-PKD15/957/16 29.6.16 | 4 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD15/19/2017 29.12.17 | 1 | പുനരഭിപ്രായം |
| 2016-17 | KSA-PKD15/1173 /2017/6.03.18 | 2 | പുനരഭിപ്രായം |
| 2017-18 | KSA-PKD15/160 /2019/01.03.2019. | 6 | പുനരഭിപ്രായം |

| | | | |
|---|---|---|---|
| 2018-19 | | 3 | പുനരഭിപ്രായം |
| 2019-20 | കെ.എസ്.എ-പി.കെ.ഡി-15/1058 /2022,6.7.2022 | 7 | ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-15/1099/2022 | 15 | ഓഡിറ്റ് റിപ്പോർട്ട് |
| 2021-22 | കെ.എസ്.എ-പി.കെ.ഡി-15/1884/2022 തീ 14.12.2022 | 15 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 07-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kottayi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kottayi Grama Panchayat for the year 2022-2023

Date: 18/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Kottayi Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.

3. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance
sheet could not be ascertained.

4. Capital expenses of completed assets do not reflect in Balance sheet schedule.

5. Depreciation not provided for all assets.

6. Value of various schedules as per Balance sheet same as that of the previous year.

Example - Value of Fixed assets.

The value of Capital work in progress is zero as per Balance sheet schedule.

7. Lapse in making timely demand entries in respect of taxes.

8. The value of non-accrual receipts differ in R&P schedule and in I&E schedule.

9.Cheques uncashed for more than 3 months were not transferred to Stale cheque account.

10. Property tax arrear demand as per sanchaya statement does not match with Financial statement.

11. Property tax excess collection do not reflect in Balance sheet schedule.

12. Mismatching of values with respect to various heads in RP & I&E schedules.

13. E-Tender fee collection for the financial year not accounted in own fund account.

14.Misclassification of payment voucher

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷിക കണക്കുകൾ - സംക്ഷിപ്തം

| | | | |
|---|---|---|---|
| Kottayi Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5923711.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 143450.00 |
| 140000000 | Fee & User Charges | I-4 | 1969877.00 |
| 150000000 | Sale & Hire Charges | I-5 | 323087.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 117082954.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 214845.00 |
| 180000000 | Other Income | I-9 | 9480.00 |
| 190000000 | Prior Period Income | I-19 | 82968.00 |
| | Total Income | | 251334808.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12036921.00 |
| 220000000 | Administrative Expenses | I-11 | 1043722.00 |
| 230000000 | Operations & Maintenance | I-12 | 3964959.00 |
| 240000000 | Interest & Finance Charges | I-13 | 3336.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7498967.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 24099668.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 4695362.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 28453318.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 39502400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1617252.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 16242782.00 |
| | Total Expenditure | | 278317374.00 |
| | Gross Surplus / Deficit of income over Expenditure | | -26982566.00 |
| | Gross Surplus / Deficit of income over Expenditure | | -27063614.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -1920.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 81048.00 |

Kottayi Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12096368.00 |
| Cash | Cash | RP-40(a) | 14775.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2720524.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 705087.00 |
| 150000000 | Sale & Hire Charges | RP-5 | 323087.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11031000.00 |
| 171000000 | Interest Earned | RP-9 | 214845.00 |
| 190000000 | Prior Period Income | RP-11 | 89394.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 1920.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 9471983.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5283743.00 |
| 460000000 | Loans, Advances and Deposits | RP-49 | 165373.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9480.00 |
| 330000000 | Secured Loans | RP-31 | 50000.00 |
| 340000000 | Deposits Received | RP-33 | 50568.00 |
| 350000000 | Other Liabilities | RP-35 | 293151.00 |
| | Grand total | | 85042596.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 19875.00 |
| 320000000 | Grants, Funds & Contributions for Specific | RP-30 | 43040.00 |

| | | | |
|---|---|---|---|
| | Purposes | | |
| 431000000 | Sundry Debtors (Receivables) | RP-45 | 2447834.00 |
| 460000000 | Loans, Advances and Deposits | RP-49 | 2060577.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 151416.00 |
| 350000000 | Other Liabilities | RP-35 | 26620101.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 11123934.00 |
| Cash | Cash | RP-40(b) | 54521.00 |
| | Grand Total | | 85042596.00 |

Kottayi Grama Panchayat BALANCE SHEET

As on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 7467791.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 69600914.00 |
| | Total Reserve & Surplus | | 154137410.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7177022.00 |
| | Total Grants, Contributions for Specific Purposes | | 14354044.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11131709.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 22263418.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 627156.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1225742.20 |
| 360000000 | Provisions | B-10 | 0.0 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 3705796.40 |
| | TOTAL LIABILITIES | | 194460669.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 931565.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 45950.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18490549.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 87126568.00 |
| 416000000 | Accumulated Depreciation | B-11(a) | -38893573.00 |
| | Total Fixed Assets | | 135402118.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5302829.50 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 11131709.00 |
| 450000000 | Cash and Bank Balance | B-17 | 11178455.00 |
| 460000000 | Loans, Advances and Deposits | B-18 | 1916282.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 59058551.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |

| | | |
|---|---|---|
| | Total Miscellaneous Expenditure (To the Extent not written off) | 0.0 |
| | TOTAL ASSETS | 194460669.00 |

ഡെപ്യൂട്ടി ഡയറക്ടർ